"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- മുനിസിപ്പൽ കോമൺ സർവ്വീസ്- വൈക്കം നഗരസഭയിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ബിനു.കെ.ബാബു വിന് പ്രത്യേക അവശതാവധി അനുവദിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.2006/2025/LSGD തീയതി,തിരുവനന്തപുരം, 13-08-2025

---

പരാമർശം:-

1. വൈക്കം നഗരസഭ സെക്രട്ടറിയുടെ 14.08.2024 തീയതിയിലെ G1-8934/23 നമ്പർ സാക്ഷ്യപത്രം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽഡയറക്ടറുടെ 05.09.2024 തിയതിയിലെ LSGD/PD/5781/2024-DEE4 നമ്പർ കത്ത്.

**ഉത്തരവ്**

വൈക്കം നഗരസഭയിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ബിനു.കെ.ബാബു, 31.10.2023ൽ ഔദ്യോഗിക കൃത്യനിർവഹണത്തിനുശേഷം തിരികെ വീട്ടിലേക്ക് പോകുമ്പോൾ ഉണ്ടായ വാഹനാപകടത്തെത്തുടർന്ന് പരിക്ക് പറ്റി ചികിത്സയിലായിരുന്ന 31.10.2023 മുതൽ 28.02.2024 വരെയുള്ള കാലയളവ് പ്രത്യേക അവശതാവധി അനുവദിക്കുന്നതിനായി ടിയാൾ സമർപ്പിച്ച അപേക്ഷയും, അനുബന്ധരേഖകളും, പരാമർശം 1 പ്രകാരമുള്ള സാക്ഷ്യപത്രം സഹിതം പരാമർശം 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൈക്കം നഗരസഭയിൽ ലൈബ്രേറിയൻ ഗ്രേഡ് IV തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി. ബിനു.കെ.ബാബു, 31.10.2023ൽ ഔദ്യോഗിക കൃത്യനിർവഹണത്തിനുശേഷം തിരികെ വീട്ടിലേക്ക് പോകുന്ന വഴിക്ക് സംഭവിച്ച വാഹനാപകടത്തെത്തുടർന്ന് ചികിത്സയിലായിരുന്ന 31.10.2023 മുതൽ 28.02.2024 വരെയുള്ള കാലയളവിൽ 31.10.2023 മുതൽ 26.02.2024 വരെയുള്ള ( 119 ദിവസം) അവധി കാലയളവ് കെ.എസ്.ആർ, ഭാഗം 1, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി അനുവദിച്ചുകൊണ്ടും, 27.02.2024 മുതൽ 28.02.2024 വരെയുള്ള അവധി കാലയളവ് ചട്ടപ്രകാരമുള്ള അവധി അപേക്ഷ വാങ്ങിയശേഷം ക്രഡിറ്റിലെ അവധി ലഭ്യതയ്ക്ക് വിധേയമായി അർഹതപ്പെട്ട അവധിയായോ, കെ.എസ്.ആർ ഭാഗം 1 ചട്ടം 88 പ്രകാരം മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലോ അല്ലാതെയോ ഉള്ള ശൂന്യവേതനാവധിയായോ ക്രമീകരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. ബിന്ദു.കെ.ബാബു, ലൈബ്രേറിയൻ ഗ്രേഡ് IV വൈക്കം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
സെക്രട്ടറി, വൈക്കം നഗരസഭ ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സി.ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 16-08-2025 10:22:48
സെക്ഷൻ ഓഫീസർ